ചെറുകിട ജലവിതരണ പദ്ധതികൾ ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കാനുള്ള തീരുമാനം

34 [1012] ഡോ. തോമസ് ഐസക്:
ശ്രീ. രാജു എബ്രഹാം:
,, വി. കെ. ചന്ദ്രൻ:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ജലവിതരണ പദ്ധതികൾ ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സർക്കാരിന്റെ സഹായമില്ലാതെ ഈ പദ്ധതികൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഗ്രാമപഞ്ചായത്തുകളുടെ സാമ്പത്തിക, സാങ്കേതിക പിന്നോക്കാവസ്ഥ പരിഗണിച്ച് മേൽപ്പറഞ്ഞ പദ്ധതികൾ കാര്യക്ഷമമായി നടത്താനുള്ള ഫണ്ടും സാങ്കേതിക സഹായങ്ങളും നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 23-11-1998-ലെ ജി.ഒ. (എം.എസ്.) നമ്പർ 125/98/ഐ.ആർ.ഡി. പ്രകാരം അതാത് പഞ്ചായത്തിൽ ഒതുങ്ങി നിൽക്കുന്ന 1050 ചെറുകിട ജലവിതരണ പദ്ധതികൾ ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ നിന്നും 163 പദ്ധതികൾ പഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും 98 പദ്ധതികൾ മാത്രമാണ് പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ളത്.

(ബി ആന്റ് സി) പദ്ധതികൾ ഏറ്റെടുത്തതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത സർക്കാരിൽ നിന്നും ലഭിക്കണമെന്ന ആവശ്യവും സാങ്കേതിക സഹായം നൽകുന്ന കാര്യവും പരിശോധിച്ചുവരുന്നു.

ചെറുകിട ജലസേചന പദ്ധതികൾ ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കൽ

35 [1013] ശ്രീ. സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സഹായം ലഭിക്കാതെ ചെറുകിട ജലവിതരണ പദ്ധതി ഏറ്റെടുക്കേണ്ടതില്ലെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം എത്ര ചെറുകിട ജലവിതരണ പദ്ധതികളാണ് ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിട്ടിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly